## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3665 — 20.06.2018 — ൽ മറുപടിക്ക്

# കൊയിലാണ്ടി മണ്ഡലത്തിൽ പുതിയ റേഷൻ കാർഡ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ദാസൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** | |
| (എ) | പുതിയ റേഷൻ കാർഡിനായുള്ള എത്ര അപേക്ഷകൾ കൊയിലാണ്ടി മണ്ഡലത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്; ആയതിൽ എത്രയെണ്ണത്തിന് പുതുതായി കാർഡ് അനുവദിച്ചിട്ടുണ്ട്; ബാക്കി എത്രയെണ്ണം ഉണ്ട്; വ്യക്തമാക്കാമോ; | (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നിന്നും പുതിയ റേഷൻകാർഡിനായി 573 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് ഡാറ്റാ എൻട്രി നടത്തി പ്രിന്റ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാർഡിലെ തെറ്റു തിരുത്തലും കൂട്ടിച്ചേർക്കലുകളും നടത്തുന്നതിന് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്ത വിധം ക്രമീകരണം ഒരുക്കുന്നതിന് ശ്രദ്ധിക്കുമോ; വിശദമാക്കുമോ? | (ബി) | റേഷൻകാർഡുകളിൽ ഉണ്ടായിരുന്ന തെറ്റുകൾ തിരുത്തുക, കാർഡുകളിൽ നിന്ന് പേരുകൾ കുറവ് ചെയ്യുക, കാർഡുകളിൽ ഇല്ലാത്തവരുടെ പേരുകൾ കൂട്ടിചേർക്കുക, റേഷൻ കാർഡ് ഒരു താലൂക്കിൽ നിന്ന് മറ്റൊരു താലൂക്കിലേക്ക് മാറ്റുക തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2018 ജൂൺ 15 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിലൂടെ അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*